# GUPS VALOOR
## മലയാളം - നാലാം ക്ലാസ് 2025- 26

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ അവസ്ഥ തിരിച്ചറിയൽ | വായനയിലും ലേഖനത്തിലും കുട്ടിയുടെ നിലനിർണയം നടത്തൽപ്രസ്തുത രേഖകൾ സൂക്ഷിക്കാൻ | ജൂൺ ആദ്യവാരം | SRG<br>ക്ലാസ് ടീച്ചർ | PTA |
| 2 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകമായും ക്ലാസ് മൊത്തമായും പ്രത്യേക പരിശീലനങ്ങൾ. | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ് ടീച്ചർ | PTA |
| 3 | അക്ഷരങ്ങൾ ഉറപ്പിക്കൽ, വായന | ICT സഹായത്താൽ അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയൽ ഉറപ്പിക്കൽ, വായനാസാമഗ്രിയിൽ നിന്നും നിശ്ചിത അക്ഷരങ്ങൾ കണ്ടെത്തുന്നു. കണ്ടെത്തിയ അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കുന്നു | ജൂൺ മാസം | SRG<br>ക്ലാസ് ടീച്ചർ | PTA |
| 4 | കഥ പറയൽ | ചിത്രകഥാ ഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു അവ നോക്കി കുട്ടി സ്വയം കഥ പറയുന്നു | ജൂൺ മാസം മുതൽ എല്ലാ മാസവും | SRG<br>ക്ലാസ് ടീച്ചർ | PTA |
| 5 | വായനശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ ക്ലാസ് വായന കൂട്ടം രചന പരിചയക്കുറിപ്പ് | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| 6 | ആനുകാലിക വായന പൊതുവിജ്ഞാനം വളർത്തൽ | ക്ലാസിലൊരു പത്രം - മറ്റു ബാല മാസികകൾ ഒരുക്കൽ<br>എല്ലാ ആഴ്ചയും പൊതുവിജ്ഞാന സംബന്ധമായ ചോദ്യങ്ങൾ നൽകൽ.<br>ഓരോ മാസവും വിജയികളെ അനുമോദിക്കൽ<br>ജികെ ബുക്കിൽ ക്രോഡീകരണം | ജൂൺ 19ന് തുടങ്ങി വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |
| 7 | വായനയുടെ ആസ്വാദന തലം പരിപോഷിപ്പിക്കാൻ | ഓരോ ആഴ്ചയും വായനാനുഭവം പങ്കുവെയ്ക്കൽ പുസ്തകം കൂട്ടുകാർക്ക് പരിചയപ്പെടുത്തൽ വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങളിലെ പങ്കാളിത്തം | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |
| 8 | ഇ വായന | നവമാധ്യമങ്ങളിലെ വായന പരിചയപ്പെടുത്തൽ കുട്ടികൾക്ക് അനുയോജ്യമായ വായനാലിങ്കുകൾ ഉപയോഗം പരിശീലനം വായന | സെപ്റ്റംബർ ഒക്ടോബർ | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| 9 | ലേഖന പരിപോഷണം | രചനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ<br>സാഹിത്യകാരന്മാർ പതിപ്പ് തയ്യാറാക്കൽ<br>കവിതാരചന, കഥാരചന അടിക്കുറിപ്പ് മത്സരം<br>കഥാപൂരണം എന്നീ പ്രവർത്തനങ്ങൾ നടത്തൽ,<br>ഉത്പന്നങ്ങൾ ഫോർട്ട്ഫോളിയോയിലേക്കും ഡിജിറ്റലൈസ് ചെയ്ത് ക്ലാസ് ഗ്രൂപ്പിലേക്കും | എല്ലാ മാസവും | ക്ലാസ് ടീച്ചർ<br>CPTA | PTA |
| 10 | അറിവ് ഡോക്യുമെൻററിയിലൂടെ ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | പഠനപ്രവർത്തന സന്ദർഭങ്ങളിൽ | ക്ലാസ് ടീച്ചർ | PTA |
| 11 | നാടൻ ഭക്ഷണ വിഭവങ്ങൾ പരിചയപ്പെടൽ പാചകക്കുറിപ്പ് തയ്യാറാക്കൽ | ഭക്ഷ്യമേള ക്ലാസ്സിൽ ഒരുക്കുകവിവിധ വിഭവങ്ങളുടെ പാചകക്കുറിപ്പ് ഗ്രൂപ്പായി നിർമ്മിക്കുക പതിപ്പ് പ്രകാശനം ചെയ്യുക | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>CPTA | PTA |
| 12 | മലയാള സാഹിത്യം കൂടുതൽ അറിയാൻ | സാഹിത്യകാരന്മാരുടെ ജന്മ ചരമദിനാചരണങ്ങൾ,<br>ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | ദിനാചരണങ്ങളോടനുബന്ധിച്ച് | SRG<br>ക്ലാസ് ടീച്ചർ | PTA |
| 13 | ഭാഷാ പഠനത്തിൻറെ ഭാഗമായി നേടിയ ശേഷികളുടെ സർഗാത്മക അവതരണം | ബാലസഭ, സ്കൂൾ അസംബ്ലി, പഠനോത്സവ വേദി തുടങ്ങിയ അവസരങ്ങളിൽ വിവിധ സർഗ ശേഷികളുടെ പ്രദർശനം, അവതരണം | മാസത്തിലൊരിക്കൽ വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| 14 | വിലയിരുത്തൽ | ഓരോ പാഠഭാഗത്തിനും യൂണിറ്റ് ടെസ്റ്റ് നടത്തുക. രക്ഷിതാവിനെയും കുട്ടിയെയും ബോധ്യപ്പെടുത്തി പരിഹാരബോധനം ആസൂത്രണം ചെയ്യുക | പാഠഭാഗത്തിന് ശേഷം | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |

# GUPS VALOOR
## ENGLISH - STD-IV 2025- 26

| No | Goal | Action | Time | Charge | financial |
|---|---|---|---|---|---|
| 1 | Identifying the linguistic condition | To keep records of pre-test assessment of the child in listening,reading and writing | First and second week of June | SRG class teacher | PTA |
| 2 | Backward remediation | Special trainings for the linguistically backward and whole class. | Until the goal is achieved | SRG class teacher | PTA |
| 3 | Listening skills:- | Games, Action songs, conversations, simple stories Using ICT | June & July | SRG class teacher | PTA |
| 4 | Speaking skills | Descriptions, growing sentences , picture reading,picture description self introduction, Assembly activities-speech, book review, quiz riddles,self introduction. | Throughout the year | SRG class teacher | PTA |
| 5 | Reading skills | News paper reading, library books reading, book review, reading breaking news, find words, rhyming words, describing words, Textbook activities etc | July & August | SRG class teacher | PTA |
| 6 | Writing skills | Make word web, Picture Dictionary , picture description, word chain,sentence chain, make words,& sentences, make riddles, conversations, Add more lines ; develop story, description ,notice proclamation, diary , letter, Announcement. | September onwards | SRG class teacher | PTA |
| 7 | English Assembly | Organize English Assembly once a month. Pledge, prayer, news reading thought of the day etc | Throughout the year | SRG class teacher | PTA |
| 8 | Ability to write English without mistakes | Write a diary of what happened at school and at home | Two days in a week | SRG class teacher | PTA |
| 9 | Nurturing creativity | Presentation of lessons as skit , drama , conversation and story telling | Class and School Level Competitions , Learning Festival Venues | SRG class teacher | PTA |
| 10 | Understanding the concept by seeing and listening | Summarizing the concept in own sentences by watching small documentary and short films | One in a month | SRG class teacher | PTA |
| 11 | Evaluation | Conduct unit tests for each lesson. Convince the parent and the child and plan remedial teaching | After the lesson | SRG class teacher CPTA | PTA |

# GUPS VALOOR
## ഗണിതം - നാലാം ക്ലാസ് 2025- 26

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതത്തിൽ കുട്ടിയുടെ നിലനിർണയം , അവസ്ഥ തിരിച്ചറിയൽ | പ്രീ ടെസ്റ്റ്, സംഖ്യാബോധം വ്യാഖ്യാനം എന്നിവ ഉൾക്കൊള്ളുന്ന ഗണിതകേളികൾ ഗണിത മൂല നിർമ്മാണം | ജൂൺ | SRG ക്ലാസ് ടീച്ചർ | PTA |
| 2 | കര, ചലന, യുക്തിചിന്ത ശേഷി വികാസം, | ഒറിഗാമി, ടാൻഗ്രാം,ഈർക്കിൽ, രൂപങ്ങളുടെ നിർമ്മാണം പ്രദർശനം (വരകൾ രൂപങ്ങൾ എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട്) | ജൂൺ മാസം | SRG ക്ലാസ് ടീച്ചർ | PTA |
| 3 | ക്ലോക്ക് വാച്ച് നോക്കി സമയം പറയൽ | സെക്കൻഡ് മിനിറ്റ് മണിക്കൂറ് ഇവ തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു. ICT ഉപയോഗിച്ചും മോഡൽ ക്ലോക്ക് ഉപയോഗിച്ചും ക്ലാസ്സിൽ പ്രവർത്തനം ചെയ്യുന്നു (നേരമായി എന്ന പാഠഭാഗം) | ആഗസ്റ്റ് സെപ്റ്റംബർ | SRG ക്ലാസ് ടീച്ചർ | PTA |
| 4 | ഗണിത പഠനം രസകരമാക്കൽ | ഏണിയും പാമ്പും ഡയസ് കളി സങ്കലനം , വ്യവകലനം ഉൾപ്പെടുന്ന കച്ചവടക്കളി എന്നിവ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |
| 5 | കലണ്ടർ ഗണിതം സ്വായത്തമാക്കൽ | വിവിധ കലണ്ടർ പ്രശ്നങ്ങൾ ചെയ്യൽ, കലണ്ടറിലെ പാറ്റേണുകൾ കണ്ടെത്തൽ, ഹിജ്റ വർഷം മലയാള വർഷം ശകവർഷം തിയതികൾ കണ്ടെത്തൽ (നേരമായി എന്ന പാഠഭാഗം) | ആഗസ്റ്റ് സെപ്റ്റംബർ | SRG ക്ലാസ് ടീച്ചർ | PTA |
| 6 | ഗുണനം രസകരമാക്കൽ | ആവർത്തന സങ്കലനം വരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ, സംഖ്യകൾ ഗുണിക്കുന്നതിന് വ്യത്യസ്ത മാർഗ്ഗങ്ങൾ കണ്ടെത്തൽ, ഗുണനവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകൽ | സെപ്റ്റംബർ ഒക്ടോബർ | SRG ക്ലാസ് ടീച്ചർ | PTA |
| 7 | പഠനോപകരണങ്ങളുടെ നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട മീറ്റർ സ്കെയിൽ ടാപ്പ് കളവുപാത്രങ്ങൾ തൂക്കുകട്ടകൾ തുടങ്ങിയ പഠനോപകരണങ്ങളുടെ നിർമ്മാണം | ഡിസംബർ ജനുവരി | SRG ക്ലാസ് ടീച്ചർ | PTA |
| 8 | കിലോഗ്രാം ക്വിന്റൽ ടൺ , മില്ലി ലിറ്റർ ലിറ്റർ എന്നിവയുടെ പരസ്പരബന്ധം തിരിച്ചറിയുന്നു | നീളം അളക്കുന്നതിനുള്ള ഏകകം കണ്ടെത്തൽ. ചെറിയ യൂണിറ്റുകൾ അളന്ന് കണ്ടെത്തുന്നു. ക്വിന്റൽ, ടൺ എന്നീ യൂണിറ്റുകളെ തിരിച്ചറിയുന്നു. അളവ് പാത്രങ്ങൾ, അളക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മാണം, പ്രദർശനം, കളികളിൽ ഏർപ്പെടൽ. | ഡിസംബർ ജനുവരി | SRG ക്ലാസ് ടീച്ചർ | PTA |
| 9 | ഗണിത ശേഷികളുടെ സർഗാത്മക പ്രകടനം | പ്രശ്നോത്തരി പാറ്റേൺ ഫസിൽ ജോമട്രിക്കൽ ചാർട്ട് നമ്പർ ചാർട്ട് വിവിധ ഗണിത രൂപങ്ങൾ എന്നിവയുടെ നിർമ്മാണവും പ്രദർശനവും അവതരണവും | ക്ലാസ് തല സ്കൂൾ തല മത്സരങ്ങൾ പഠനോത്സവ വേദികൾ | SRG ക്ലാസ് ടീച്ചർ | PTA |
| 10 | വിലയിരുത്തൽ | ഓരോ പാഠഭാഗത്തിനും യൂണിറ്റ് ടെസ്റ്റ് നടത്തുക. രക്ഷിതാവിനെയും കുട്ടിയെയും ബോധ്യപ്പെടുത്തി പരിഹാരബോധനം ആസൂത്രണം ചെയ്യുക. | പാഠഭാഗത്തിന് ശേഷം | SRG ക്ലാസ് ടീച്ചർ CPTA | PTA |

# GUPS VALOOR

## പരിസര പഠനം - നാലാം ക്ലാസ് 2025- 26

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | വൃക്ഷത്തൈ നട്ടു പിടിപ്പിക്കൽ<br>ക്വിസ് മത്സരം , ചിത്രരചന<br>പോസ്റ്റർ നിർമ്മാണം<br>കുട്ടികൾ വീട്ടിൽ തയ്യാറാക്കിയ<br>പൂന്തോട്ടത്തിന്റെ ഫോട്ടോ എടുത്ത്<br>ക്ലാസ് ഗ്രൂപ്പിൽ പ്രദർശിപ്പിക്കുന്നു | ജൂൺ ആദ്യവാരം | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| 2 | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | പട ഭാഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ക്ലാസിൽ ഒരുക്കൽ<br>ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| 3 | ഫീൽഡ് ട്രിപ്പ് | പാടം, കുന്ന്, കാവ് ......<br>ആവാസവ്യവസ്ഥയെ പറ്റി നിരീക്ഷണകുറിപ്പ് തയ്യാറാക്കുന്നു വർഗീകരണം നടത്തുന്നു ആവാസ വ്യവസ്ഥയുടെ പ്രാധാന്യം അവതരിപ്പിക്കുന്ന പോസ്റ്റർ തയ്യാറാക്കുന്നു ജീവികളുടെ നിലനിൽപ്പിന് അജീവിയ ഘടകങ്ങൾ ആവശ്യമാണ് ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും പിട്ടകപ്പെടുത്തൽ ജീവികളും ചുറ്റുപാടും എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി ഈ പ്രവർത്തനങ്ങൾ ചെയ്യുന്നു. | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ് ടീച്ചർ | PTA |
| 4 | ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ നിവശീകരിക്കൽ പ്രദർശിപ്പിക്കൽ ഫോർട്ട്ഫോളിയോയിൽ സൂക്ഷിക്കൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |
| 5 | കേരളം ഇന്ത്യ ഭൂപട വായന<br>സൂചിക പരിചയപ്പെടൽ | ഭൂപട രചന സൂചിക<br>നിർമ്മാണംമാപ്പ്<br>ഗ്ലോബ് താരതമ്യം<br>ഇന്ത്യ എന്റെ രാജ്യം എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് | ജൂലൈ മാസം | SRG<br>ക്ലാസ് ടീച്ചർ | PTA |
| 6 | ശാസ്ത്രകൗതുകം വളർതാൻ ഉതകുംവിധം ശാസ്ത്ര പരീഷണങ്ങളിൽ സ്വയം ഏർപെടുകയും പരീഷണകുറിപ്പുകൾ തയ്യാറാക്കുകുയും പെയ്യൽ. | നാലാംതരത്തിലല കുട്ടികളുടെ നിലവാരത്തിലുള്ള പരീക്ഷണങ്ങൾ കണ്ടെത്തുന്നുന്നു പരീക്ഷണങ്ങളെ ശാസ്ത്ര മാജിക്കുകളായി രൂപപ്പെുത്തുന്നു ശില്പ ശാല സംഘടിപ്പിക്കുന്നു (രക്ഷിതാക്കൾ, വിദഗ്ധർ, അധ്യാപകർ, കുട്ടികൾ) കുട്ടികൾ ശാസ്ത്ര പരീഷണങ്ങളിൽ ഏറ്റെടുക്കുന്നു പരീക്ഷണ സാമഗ്രികൾ വികസിപ്പികുന്നു<br>പരീക്ഷണത്തിലേർപെടുന്നു<br>പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |
| 7 | ശാസ്ത്ര വിജ്ഞാനം വളർത്തൽ | ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ, ചർച്ചചെയ്യുന്ന ചോദ്യങ്ങളും ഉത്തരങ്ങളും പൊതുവിജ്ഞാനം നോട്ടുബുക്കിൽ എഴുതിയെടുക്കൽ ശേഖരിച്ച വിവരങ്ങൾ അപ്ഡേറ്റ് ചെയ്യൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |
| 8 | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | സയൻസ് പാർക്ക് വാനനിരീക്ഷണ കേന്ദ്രം എന്നിവിടങ്ങളിൽ സന്ദർശനം | ജനുവരി ഫെബ്രുവരി മാസങ്ങളിൽ | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| 9 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ബാലസഭ, സ്കൂൾ അസംബ്ലി, പഠനോത്സവ വേദി തുടങ്ങിയ അവസരങ്ങളിൽ നേടിയ ശാസ്ത്ര അറിവുകളുടെ സർഗാത്മകമായ അവതരണം പ്രദർശനം | ലഭ്യമാകുന്ന അവസരങ്ങളിൽ | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| 10 | വിലയിരുത്തൽ | ഓരോ പാഠഭാഗത്തിനും യൂണിറ്റ് ടെസ്റ്റ് നടത്തുക രക്ഷിതാവിനെയും കുട്ടിയെയും ബോധ്യപ്പെടുത്തി പരിഹാരബോധനം ആസൂത്രണം ചെയ്യുക | പാഠഭാഗത്തിന് ശേഷം | SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |

അക്കാദമിക് മാസ്റ്റർ

പ്ലാൻ : 2025 - 2026

Class : 3

മലയാളം

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ക്ലാസ് – 3
## മലയാളം

**ലക്ഷ്യങ്ങൾ**

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻ നിർത്തി

എന്റെ കുട്ടികളെല്ലാം തന്നെ

* സംഘ പ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി ഉപയോഗിക്കും
* കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും
* ആസ്വാദ്യ ഭാഷാഘടകങ്ങൾ [കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ] വ്യാഖ്യാനം ചെയ്യുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും
* കഥകളെയും, കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, വീഡിയോസ്, തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും (വിവരണം, സംഭാഷണം)

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് -3
## മലയാളം

അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും
അർത്ഥവ്യക്തതയോടെയും ഉള്ള വായന

**ജൂൺ** -

* കുട്ടികൾക്ക് മുന്നിൽ ഒഴുക്കോടെയും ഉച്ചത്തിലും വായന
* വായനാ കാർഡ് നോക്കി നോട്ടിൽ എഴുതൽ
* വായനാ കാർഡ് നൽകുന്നു.
* ഉച്ചത്തിൽ വായന.
* കുട്ടി രക്ഷിതാവിന് വായനാ കാർഡ് വായിച്ചു നൽകുന്നു
* കുട്ടിക്ക് കഥാപുസ്തകം വായനാ കാർഡ് നൽകുന്നു.
* വായിച്ചറിഞ്ഞ ആശയം പറയൽ
* കുട്ടികൾക്ക് മുന്നിൽ വായിച്ചറിഞ്ഞവ
* അവതരിപ്പിക്കുന്നു

**ജൂലൈ**

* കുട്ടി രക്ഷിതാവിനെ കാർഡ് വായിച്ചു കേൾപ്പിക്കുന്നു
* കഥ വായിച്ച് എഴുതി അവതരിപ്പിക്കാൻ
* നൽകുന്നു

* കഥാപാത്രങ്ങളെക്കുറിച്ചും കഥയെക്കുറിച്ചും പറയാൻ അവസരം നൽകുന്നു.
* ക്ലാസ് റൂം ലൈബ്രറി ഒരുക്കൽ

കഥാപാത്രങ്ങളെക്കുറിച്ച്, കഥയെക്കുറിച്ചും പറയാൻ അവസരം നൽകുന്നു

* ക്ലാസ് റൂം ലൈബ്രറി ഒരുക്കൽ
* പുസ്തകം വിതരണം
* കുട്ടിയെ കഥ കേൾപ്പിക്കുന്നു. ICT സാധ്യതയുണ്ട്.
* ഒരു കഥ സ്വയം എഴുതാൻ അവസരം
* മെച്ചപ്പെടുത്തി എഴുതൽ
* എഴുതിയവ പ്രദർശിപ്പിക്കുന്നു

## ജൂലൈ

* കവിത, കഥ എന്നിവ സ്വന്തമായി എഴുതുക
* വായനാകാർഡ് നൽകുന്നു
* രക്ഷിതാവിനെ വായിച്ച് കേൾപ്പിക്കുന്നു
* കഥാപാത്രം, കഥ, ഇവയെക്കുറിച്ച് പറയാൻ അവസരം നൽകുന്നു.

## ആഗസ്റ്റ്

- കുട്ടികൾ വരച്ച ചിത്രങ്ങൾ, പുസ്തകങ്ങൾ ഇവ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ.
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ
- നാടകശില്പശാല റോൾപ്ലേ അവതരണങ്ങൾ
- ആഹാരപ്പാട്ട് ശേഖരണം

## സെപ്റ്റംബർ

* പലഹാരമേള, പാചകക്കുറിപ്പ് തയാറാക്കൽ
* കത്തുകൾ മാതൃകകൾ
* ഹരിതകർമ്മ സേനാംഗങ്ങളുമായി അഭിമുഖം
* സ്കൂൾ പത്രം
* വിദ്യാലയ ശുചിത്വ പരിപാടി തയ്യാറാക്കൽ

CPTA ഒന്നാം വിലയിരുത്തൽ

നാടോടിക്കഥകളുടെ അവതരണം

നാടൻ പാട്ടിന്റെ അവതരണം

പാവനാടകം അവതരണം

## ഒക്ടോബർ

കൃഷിയിടം സന്ദർശിക്കണം

കൃഷിപ്പാട്ട്, കൃഷിച്ചൊല്ല് ശേഖരണം

കുട്ടികളിൽ പണ്ട് കാലത്തെ കൃഷി അനുഭവങ്ങൾ വിവരണം

## നവംബർ

* പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം
* ശേഖരിച്ച പുസ്തകങ്ങൾ വായിച്ച് അവതരിപ്പിക്കൽ
* പുസ്തകത്തിലെ ചെറുകഥകൾ അവതരിപ്പിക്കൽ
* കഥാപാത്രങ്ങളെ അവതരിപ്പിക്കൽ

## ഡിസംബർ

* നാട്ടുവായന
* പ്രാദേശിക എഴുത്തുകാരുമായി സംവാദം
* കഥ മെച്ചപ്പെടുത്തി അവതരണം

## ജനുവരി

* അറിയിപ്പുകൾ, കുറിപ്പുകൾ സ്വന്തമായി തയ്യാറാക്കുന്നു.

* കവിതകൾ വായിച്ച് ആശയം എഴുതൽ, അവതരിപ്പിക്കൽ

* എല്ലാ തരത്തിലുള്ള കുട്ടികളെയും എത്തിക്കാനുള്ള പ്രവർത്തനം ആസൂത്രണം ചെയ്ത് ഒരുക്കൽ

## ഫെബ്രുവരി

* വീട്ടുവായന, കൂട്ടവായന, നാട്ടുവായന ക്ലാസ് ലൈബ്രറിയിലെ വായിച്ച പുസ്തകങ്ങളെക്കുറിച്ച് പറയൽ, എഴുതൽ

* ചെയ്യുന്ന കാര്യങ്ങൾ class ലൈബ്രറിയിൽ എഴുതി അവതരിപ്പിക്കൽ

പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർ
ത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ
പരിപോഷിപ്പിക്കൽ

സാഹിത്യകാരന്മാരുമായി സംവദിക്കൽ

വായനാശേഷി വർദ്ധിപ്പിക്കൽ സാഹിത്യ
കാരന്മാരെ അടുത്തറിയൽ

# 2025-2026
# Academic Master Plan
## Class : III
## English

# Academic master Plan — English - class II

**Aim**: To speak, Read and write English without any mistakes

**Time** :- June to March

## Pretest

To check the Vocabulary and write skills of pupils

## June and July

To develop listening skills and reading skills.

### Listening skills

1. Games, Action songs, Hello english activities.
2. Conversation, skit. stories Use ICT

### Speaking skills

1. Identify the naming words from the picture

* Describes orally about pictures and object using adjectives.
  (colours, sizes, shapes etc)
* Familiaries with words identifies
* Enjoys songs and sings them with rhythm and action.
* Familiaries the names of birds, animals their young ones and identifies them from pictures

## Aim

* Simple words, simple sentence, to speak. Read and write make sure these are in the childrens

## Pre test

* To develop listening skills and reading skills
* Familiaries with words like ant, apple bat, bag etc and identifies the words

# Action Plan- Activities

## June

* Simple words introducing
* Provides picture card
* Give a familiar picture card

## July

* Says the familiar words
* Writing familiar words
* Reading familiar words

## August

* Enjoy Songs and Sings them with rhythm and action
* Describes orally about picture and objects using adjectives (Colours, Shapes, Small, big, etc)

## September

* Reads and writes simple words and simple sentences

## October

* Introduce a simple picture description
* word chain, sentence chain, make words
* Sentences make riddles.
* Describing words, rhyming words etc. text book activities

## November

* Preparing the reading card
* The classroom provides more opportunities to read, write and speak english
* write five english words daily.
* Prepared and displayed My English work book

## December

My english workbook is being prepared
Simple instruction in the class room
Encourage digital reading in the classroom

## January

* Enjoy songs and sings them with rhythm and action
* My workbook is being prepared
* Animals and birds collect pictures
* Animals and young ones. Collect young ones
* Spoken english class is provided

## February

* Provides the opportunity to express "my self" in the class room, In the Assembly and in the CPTA
* English provides an opportunity to speak fluently and without fear
* A period of daily spoken english class Provides an opportunity
* Provides opportunities for english assembly one day a week

## March

* English speaks fluently
* Can read and write Simple Sentences
* Picture reading, picture describing can tell you how to read and ~~how to~~ write
* My work book, My picture book Reading cards,

...ക മാസ്റ്റർ പ്ലാൻ ക്ലാസ് – 3
EVS

## ലക്ഷ്യം – 1

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.

## ജൂൺ – ഒക്ടോബർ

പ്രകൃതി നടത്തം

- ചുറ്റുപാടും ഉള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം
- പ്രത്യേകതകൾ മനസ്സിലാക്കാം
- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം
- ജീവികളുടെ പരസ്പരാശ്രയത്വം – ചർച്ച
- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്താം (ഷിൽഡ് ഗ്രൂപ്പ്)
- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം. (ഡോക്യുമെന്ററി പ്രദർശനം)
- ചർച്ച! തെറ്റും ശരിയും

## ജൂൺ – മാർച്ച്

### പൂന്തോട്ടം ഒരുക്കാം

- സ്കൂൾ പൂന്തോട്ടം പരിപാലിക്കാം
- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ

### ഒരുതൈ നടാം

- പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ
- നട്ട വൃക്ഷത്തൈ പരിപാലിക്കൽ

### പോസ്റ്റർ നിർമ്മാണം

- പ്രകൃതി സംരക്ഷണ പോസ്റ്ററുണ്ടാക്കൽ
- പരിസരങ്ങളിൽ പതിക്കൽ

## ലക്ഷ്യം – 2

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

## ജൂൺ – മാർച്ച്

### ദിനകൃത്യങ്ങൾ

- ഓരോ ദിവസവും ദിനകൃത്യങ്ങൾ കഴിഞ്ഞ് ക്ലാസിലെത്താവൂ എന്ന ബോധം ചർച്ചയിലൂടെ ഉറപ്പിക്കുന്നു.
- കുട്ടികളെ ഗ്രൂപ്പാക്കി ഓരോ ദിവസത്തെയും പരിശോധനാചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു.

നവംബർ

- ക്ലാസ് തലത്തിൽ ശുചിത്വ വാരം
- വ്യക്തി ശുചിത്വവും ക്ലാസ്സും പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.

## ജൂൺ – ഡിസംബർ

പരിസര നടത്തം

- സർവ്വേ: നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.
- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

## ജൂലൈ – മാർച്ച്

നല്ല ശീലം

- പോസ്റ്ററുകൾ തയ്യാറാക്കാം
- പരിസരങ്ങളിൽ പതിക്കാം.

## ലക്ഷ്യം – 3

ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക

## ജനുവരി – മാർച്ച്

ഫീൽഡ് ട്രിപ്പ്

- നമ്മുടെ നാടിന്റെ പരിസ്ഥിതിയെ

അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാവ് etc)

## നവംബർ - ഫെബ്രുവരി

പരിശീലനങ്ങൾ

- ശാസ്ത്ര കൗതുകം വളർത്തുന്ന പരിശീലനങ്ങളിൽ ഏർപ്പെടുന്നു.

  ശാസ്ത്രജ്ഞനോടൊപ്പം

- ക്യാമ്പ്
- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.

## മാർച്ച്

- ക്യാമ്പ്
- പക്ഷിനിരീക്ഷണത്തിന് അവസരം

# അക്കാദമിക് മാസ്റ്റർ പ്ലാൻ : 2025-2026

# ഗണിതം

Class: III

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ്സ് -3
## ഗണിതം - 2025

### ലക്ഷ്യം - 1

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1-1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുന്നു.

### ജൂൺ - ജൂലൈ

- സംഖ്യകൾ എഴുതിയ കാർഡ് കുട്ടികൾക്ക് നൽകുന്നു.
- കിട്ടിയ സംഖ്യ വായിക്കാം
- മറ്റുള്ളവർ സംഖ്യ എഴുതുന്നു.

### 10 ചങ്ങാതിമാർ

- സംഖ്യ കാർഡ് എടുക്കുന്നു.
- കിട്ടിയ കാർഡിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം.

### ആഗസ്റ്റ് - സെപ്റ്റംബർ

- പാറ്റേൺ പൂർത്തിയാക്കാം
- വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ
- ക്രമത്തിലാക്കാം
- വ്യത്യസ്ത സംഖ്യകൾ നൽകുന്നു.
- ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക

ലക്ഷ്യം : 2

ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക /നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

ജൂൺ – സെപ്റ്റംബർ

കൂട്ടങ്ങളാക്കാം

- ഇഷ്ടമുള്ള ഒരു മൂന്നക്കസംഖ്യ എഴുതാം
- കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100 1000 - ന്റെ കൂട്ടങ്ങളാക്കിമാറ്റാം
- ഓരോ കുട്ടിക്കും ഒരു മൂന്നക്കസംഖ്യ ബോർഡിൽ എഴുതാം
- ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിഎഴുതുന്നു.
- ക്രമീകരിക്കാം

ലക്ഷ്യം : 3

മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

ജൂലൈ – ഫെബ്രുവരി

ഭാഗ്യവാനെ കണ്ടെത്താം

- അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു
- വിവിധ ക്രിയകൾ എഴുതിയ നമ്പറുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരമൊരുക്കുന്നു

- ക്രിയ ചെയ്യാം
- ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം
- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
- കുട്ടികൾക്ക് സംഖ്യാ നമ്പറുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
- കുട്ടികൾക്ക് കിട്ടിയ സംഖ്യാ കാർഡിലെ ഏത് ഉത്തരമാണ് എന്ന് കണ്ടെത്തി ചാർട്ടിലെ കളത്തിൽ ഒട്ടിക്കാം

## ജൂലൈ — മാർച്ച്

സംഖ്യാ ചക്രം

- സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.

അവയിലൂടെ സങ്കലനം, വ്യവകലനം ഗുണനം, ഹരണം

# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-2026

## ക്ലാസ് 2

സ്കൂളിന്റെ പേര്: ജി.യു.പി.എസ് വാളൂർ

അധ്യാപികയുടെ പേര്: ഷീബ.എ

ആമുഖം

വാളൂർ ജി യു പി സ്കൂളിൽ 2025-26 അധ്യായന വർഷം 8 കുട്ടികൾ ആണ് രണ്ടാം ക്ലാസ് ഡിവിഷനിൽ പഠിക്കുന്നത്. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരംഉറപ്പാക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളുടെ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു ബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.

- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.

- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം അവസരം ഒരുക്കുന്നു.

- രക്ഷിതാവിൻറെ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കി ക്ലാസ് പി ടി എ  ശക്തിപ്പെടുത്തുന്നു.

- ആകർഷകവും സമഗ്രവുമായ നോട്ടുബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു

- ആശയ അവതരണ രീതിയുടെ പ്രായോഗികതയും സാധ്യതയും ഗവേഷണാത്മകമായി പരിശോധിക്കുന്നു .

- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളിലും ഗണിതപഠനത്തിനുള്ള താൽപര്യം വളർത്തുന്നു.

- 100 വരെയുള്ള സംഖ്യാബോധം, ക്രിയാശേഷികൾ എന്നിവ ഉറപ്പുവരുത്തുന്നു.

- ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും ചെറിയ കഥകളും കവിതകളും വായിക്കാനും സ്വന്തം ആശയങ്ങൾ എഴുതാനുമുള്ള ശേഷി വളർത്തുന്നു.

- കലാ- പ്രവൃത്തിപരിചയ പഠനം ഉറപ്പാക്കുന്നു.

- ആരോഗ്യ -കായികശേഷി വികസനം ഉറപ്പാക്കുന്നു.
- Read and writesimple sentences in English.

പ്രവർത്തനങ്ങൾ

1.പ്രവർത്തന കലണ്ടർ മെയ്

2.സംയുക്ത ഡയറി -  ജൂൺ - മാർച്ച്

3.പാട്ടരങ്ങ് -   ജൂൺ -മാർച്ച്

4.മലയാള മധുരം -ജൂൺ -മാർച്ച്
5.റീഡേഴ്സ് തിയേറ്റർ - ജൂൺ - മാർച്ച്
6. ഗണിതം മധുരം - ജൂൺ - മാർച്ച്
7. A riddle in a week
June - March

<u>സംയുക്ത ഡയറി</u>

രക്ഷിതാവിൻറെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാ പഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചന യിലേക്ക് നയിക്കുന്നതിൽ വളരെ സ്വാധീനം ചെലുത്തുന്നു. ഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്രരചയിതാക്കൾ ആക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

ലക്ഷ്യപ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു

- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു
- അനുഭവാധിഷ്ഠിതഭാഷാ പഠനം സാധ്യമാകുന്നു

പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ് പിടിഎയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു

- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു

- ജൂൺ മുതൽ ആരംഭിക്കുന്നു

- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു

- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു

- കുട്ടികളിൽ സമ്മർദ്ദ മേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു

- സചിത്ര ഡയറി പുസ്തകരൂപത്തിലേക്ക് മാറ്റുന്നു

വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്

- സർഗാത്മകശേഷി വികാസത്തിനായുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്

- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ രക്ഷിതാക്കളുമായി പങ്കുവെച്ചിട്ടുണ്ട്.

- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തകരൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ

സാമ്പത്തികം

എസ് എസ് കെ

പാട്ടരങ്ങ്

ഭാഷാ പഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട് കുട്ടിയുടെ താളബോധം രൂപപ്പെടുന്നതിലൂടെ വായനാ ലേഖനം എന്നിവ എളുപ്പമാകുന്നു

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വാർത്ഥമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയും ഒപ്പം കവിത ആസ്വാദനവും സാധ്യമാകുന്നു കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട് ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ് ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യപ്രസ്താവനകൾ

- താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളത് മറ്റു സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ് കഴിക്കുകയും ചെയ്യുന്നു
- ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവും ആകുന്നു

പ്രവർത്തനഘട്ടങ്ങൾ

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു.

ക്ലാസ് പിടിഎയിൽ പദ്ധതി അവതരിപ്പിക്കുന്ന രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺ മാരുടെയും പിന്തുണ ഉറപ്പ് വരുത്തുന്നു.

പാട്ടരങ്ങ് ഏകദിന ശിൽപശാല -
പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കുക.

തുടർപ്പാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് വീഡിയോ ഡോക്യുമെൻററ്തയ്യാറാക്കൽ ,പാട്ട് അരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായന കാർഡുകളാക്കൽ.

<u>മലയാള മധുരം</u>

ആത്മവിശ്വാസത്തോടെ കുട്ടികളെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കാനും ആശയ ഗ്രഹണവായനയിലേക്കും ഭാവാത്മക വായനയിലേക്കും കുട്ടികളെ നയിക്കാനും ഭാഷാ വികാസത്തിന് സാധ്യതയൊരുക്കാനുമുള്ള പ്രവർത്തനമാണ് മലയാള മധുരം.
കുഞ്ഞു കഥകൾ ആസ്വദിച്ചു വായിക്കാനും തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കുന്നു.

പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.

- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു

പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കഥോത്സവം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു.(ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകരൂപത്തിലേക്ക് മാറ്റുന്നു.

വിലയിരുത്തൽ

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
- രക്ഷിതാവിൻറെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ചു നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കഥോത്സവം വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കുവെച്ചിട്ടുണ്ട്.

ചുമതല

ക്ലാസ് ടീച്ചർ, CPTA, HM

സാമ്പത്തികം

PTA, SSK

<u>റീഡേഴ്സ് തിയേറ്റർ</u>

ലഘു വിവരണങ്ങൾ കഥകൾ കുട്ടിക്കവിതകൾ സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ടു വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. തുടക്ക വായനക്കാർ എന്ന നിലയിൽ ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

ലക്ഷ്യപ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരാകുന്നു.
- പാഠപുസ്തകങ്ങളിലും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനം മുന്നേറ്റത്തിന് സംഗീതം പ്രാവ്യ വായന അവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു

പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ്പിടിഎയിൽ റീഡേഴ്സ് തിയേറ്റർഅശയം പങ്കിടലും പിന്തുണ ഉറപ്പുവരുത്തലും (ജൂൺ അവസാനം)

- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തെരഞ്ഞെടുത്ത ബാലസാഹിത്യകൃതികൾ എന്നിവ തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു.

- മികച്ച അവതരണങ്ങൾ ക്ലാസ് ബാലസഭകളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു

വിലയിരുത്തൽ

- റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ അനുയോജ്യമായ പാഠഭാഗങ്ങൾ ബാലസാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.

- കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം വേദികൾ എന്നിവ ഒരുക്കുന്നു.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിലെ ഭാഗമാക്കുന്നു.

ഗണിതം മധുരം

<u>ലക്ഷ്യം:</u> രണ്ടാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധംഉറപ്പുവരുത്തുക.

<u>പ്രവർത്തനങ്ങൾ</u>

- ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു
- ഉല്ലാസ ഗണിതം - ഓരോ യൂണിറ്റിനും യോജിച്ച പ്രവർത്തനങ്ങൾ നൽകുന്നു.
- ഗണിത കോർണർ ഒരുക്കുന്നു.
- ഗണിത കേളികളിലൂടെ ഗണിതാശയങ്ങൾ.

കാലയളവ്:ജൂൺ മുതൽ ജൂലൈ വരെ.

# <u>A Riddle in a week</u>

Objective: To make simple sentences

Activity:

- The teacher introduces ariddle in the first week .
- Learnes make and write a riddle in each week.
- Exhibits the riddles in the reading corner .

Duration-From July to March